പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1070 — 12/03/2015 ൽ മറുപടിയ്ക്ക്

## പാഠപുസ്തക അച്ചടിയും വിതരണവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 2014-15 അധ്യയനവർഷത്തിൽ എത്ര പാഠ പുസ്തകങ്ങളാണ് വിദ്യാഭ്യാസ വകുപ്പ് അച്ചടിച്ചത്; ആയതിൽ എത്രയെണ്ണം കുട്ടികൾക്ക് വിതരണം ചെയ്തു ; എത്രയെണ്ണം വിതരണം ചെയ്യാതെ കെട്ടികിടക്കുന്നു ; വിശദാംശം വ്യക്തമാക്കുക ; | (എ) | 2014-15 അധ്യയന വർഷം ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ 3,78,79,043 (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി നാൽപ്പത്തി മൂന്ന്) എണ്ണം പുസ്തകങ്ങളാണ് വോള്യം 1, 2 വിഭാഗങ്ങളിലായി അച്ചടിച്ചത്. ഇവ വിതരണം ചെയ്യുകയുമുണ്ടായി. വിതരണം ചെയ്യാതെ ബാക്കിവരുന്ന പുസ്തകങ്ങളുടെ സ്റ്റോക്ക് കെ.ബി.പി.എസ് അടുത്ത വർഷത്തെ വിതരണത്തിനായി ഉപയോഗപ്പെടുത്തുന്നതായിരിക്കും.<br>2014-15 അധ്യയന വർഷത്തിൽ പ്ലസ്-1 ന്റെ 6 ടൈറ്റിലുകളിലായി 22,30,663 പാഠപുസ്തകങ്ങളും, പ്ലസ്-2 വിന്റെ 8 ടൈറ്റിലുകളിലായി 10,43,142 പാഠപുസ്തകങ്ങളും അച്ചടിച്ചിട്ടുണ്ട്.<br>2014-15 അധ്യയന വർഷത്തിൽ പ്ലസ്-1 ന്റെ 15,71,150 എണ്ണവും, പ്ലസ്-2 വിന്റെ 9,37,184 എണ്ണവും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു. |
| ബി) പാഠപുസ്തകം അച്ചടിക്കുവാൻ ഏതൊക്കെ സ്ഥാപനങ്ങളെയാണ് വകുപ്പ് ചുമതലപ്പെടുത്തിയത് ; സ്ഥാപനങ്ങൾക്ക് 2014-15 അധ്യയനവർഷം നാളിതുവരെ എത്ര തുക നൽകി ; കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ട് ; വ്യക്തമാക്കുമോ ; | (ബി) | ഒന്നു മുതൽ പത്ത് വരെയുള്ള പാഠപുസ്തക അച്ചടിക്കായി കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2014-15 അദ്ധ്യയന വർഷത്തിലെ പാഠപുസ്തകം അച്ചടിച്ചതിന് 5,62,05,510 രൂപ അനുവദിച്ചു. 2014-15 അധ്യയന വർഷം പാഠപുസ്തകങ്ങളുടെ അച്ചടിക്കായി ബാക്കി 3,02,08,305/- രൂപ നൽകാനുണ്ട്. |

| | | | |
|---|---|---|---|
| | | | ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ അച്ചടിക്കുവാൻ സി-ആപ്റ്റിനെയാണ് ചുമതലപ്പെടുത്തിയത്. പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന്, സർക്കാരോ, ഹയർ സെക്കന്ററി ഡയറക്ടറേറ്റോ സി-ആപ്റ്റിന് പണമൊന്നും നൽകുന്നില്ല. പ്രിൻസിപ്പൽമാർ നൽകുന്ന ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ, പുസ്തകങ്ങൾ അച്ചടിച്ച് സി-ആപ്റ്റ് നേരിട്ട് സ്കൂളുകളിൽ എത്തിക്കുന്നു. ഈ പുസ്തകങ്ങൾ പ്രിൻസിപ്പൽമാർ വിദ്യാർത്ഥികൾക്ക് വിറ്റതിനുശേഷം, പണം സി-ആപ്റ്റിനെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. |
| സി) | 2015-16 അധ്യയന വർഷം ഏതൊക്കെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾക്കാണ് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നത് ; | (സി) | 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കാണ് മാറ്റമുള്ളത്. രണ്ടാം വർഷ ഹയർ സെക്കന്ററി ക്ലാസ്സിലെ എല്ലാ പാഠപുസ്തകങ്ങൾക്കും മാറ്റം വരുത്തിയിട്ടുണ്ട്. വൊക്കേഷണൽ വിഷയങ്ങളുടെയും രണ്ടാം വർഷ നോൺ വൊക്കേഷണൽ വിഷയങ്ങളുടെയും ഇംഗ്ലീഷ്, ഹിസ്റ്ററി എന്നീ പുസ്തകങ്ങൾ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നു. |
| ഡി) | 2015-16 അധ്യയന വർഷത്തിൽ രണ്ടു ഘട്ടങ്ങളിലായി എത്ര പുസ്തകങ്ങളാണ് അച്ചടിക്കേണ്ടതായിട്ടുള്ളത് ; ആയതിന് ആകെ ചിലവു വരുന്ന തുക എത്ര ; ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം വ്യക്തമാക്കുമോ ; | (ഡി) | 2015-16 അധ്യയന വർഷം ഒന്നു മുതൽ പത്ത് വരെ 3,73,15,500 എണ്ണം പാഠപുസ്തകങ്ങളാണ് രണ്ട് ഘട്ടങ്ങളിലായി ഇൻഡന്റ് പ്രകാരം അച്ചടിക്കാനുള്ളത്. വോള്യം 1-ന്റെ അച്ചടി കെ.ബി.പി.എസ്സിൽ നടന്നുവരികയാണ്. ചെലവു വരുന്ന തുക, പുസ്തകങ്ങൾ അച്ചടിച്ച ശേഷമേ കണക്കാക്കാൻ കഴിയൂ. സ്കൂളുകളിൽ നിന്നും ലഭ്യമാകുന്ന ഇൻഡന്റ് പ്രകാരമാണ് പാഠപുസ്തകങ്ങൾ അച്ചടിക്കേണ്ടതായിട്ടുള്ളത്. ഇൻഡന്റ് സ്കൂളുകളിൽ നിന്നും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ ഓരോ അദ്ധ്യയന വർഷവും ഒറ്റഘട്ടത്തിലാണ് അച്ചടിച്ച് വിതരണം ചെയ്തുവരുന്നത്. പ്ലസ്-1, പ്ലസ്-2 പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്കൂളുകളിൽ നിന്ന് ശേഖരിച്ചുവരുന്നു. |

| | | |
|---|---|---|
| ഇ) | നിലവിൽ പാഠപുസ്തക വിതരണം ഏത് സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത് ; നിലവിലെ വിതരണ സ്ഥാപനത്തെ ഒഴിവാക്കി 2015-16 അധ്യയനവർഷം സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാനുള്ള വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ നീക്കം ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ ? | നിലവിൽ 1 മുതൽ 10 വരെ പാഠപുസ്തക വിതരണം കെ.ബി.പി.എസ്സാണ് നടത്തുന്നത്. വിതരണം തപാൽ വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 2015-16 അധ്യയന വർഷത്തിലെ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സർക്കാർ പൊതു മേഖലാ സ്ഥാപനമായ സി-ആപ്റ്റിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാനുള്ള നീക്കങ്ങളൊന്നും നിലവിലില്ല. |

Padmakumari

സെക്ഷൻ ഓഫീസർ